**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ അനധികൃത നിയമനം സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവ്വകലാശാലകളിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ അനധികൃതമായി നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എം.ജി. സർവ്വകലാശാലയിൽ മാർക്ക് ലിസ്റ്റ് നൽകുന്നതിന് ഒന്നര ലക്ഷം രൂപ കൈക്കൂലി വാങ്ങിയ സംഭവത്തിൽ അറസ്റ്റിലായ വ്യക്തി പരീക്ഷ പോലും എഴുതാതെ ഇന്റർവ്യൂ മുഖേനയാണ് യൂണിവേഴ്സിറ്റി അസിസ്റ്റന്റായി നിയമിതയായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ടി ജീവനക്കാരി ഓഫീസ് അറ്റൻഡന്റ് തസ്തികയിലാണ് സർവ്വകലാശാലയിൽ നിയമിതയായത്. ടി തസ്തികയിലെ നിയമനയോഗ്യത പ്രകാരം പത്താം ക്ലാസ് പാസ്സാകാത്തവരെ മാത്രമാണ് പരിഗണിച്ചിട്ടുണ്ടായിരുന്നത്. സർവ്വീസിൽ പ്രവേശിച്ചതിനു ശേഷം ടി വ്യക്തി പത്താം ക്ലാസ്സ് തുല്യതാ പരീക്ഷ പാസാകുകയും തുടർന്ന് വിദൂര വിദ്യാഭ്യാസത്തിലൂടെ പ്ലസ് 2, ഡിഗ്രി പരീക്ഷകൾ വിജയിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള 'ബൈ-ട്രാൻസ്ഫർ' നിയമനത്തിനായി നീക്കി വച്ചിരുന്ന ഒഴിവിലേക്കാണ് ടി ഉദ്യോഗസ്ഥ അസിസ്റ്റന്റ് ആയി നിയമിതയായത്. |
| (സി) | കേരളത്തിലെ സർവ്വകലാശാലകളിൽ സമാനമായ തട്ടിപ്പുകൾ നടക്കുന്നുണ്ട് എന്ന ആരോപണം ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുമോ എന്നറിയിക്കാമോ? | (സി) | സമാനമായ തട്ടിപ്പുകൾ നടക്കുന്നുണ്ട് എന്ന വസ്തുതാപരമായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ